**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2891** — 20.06.2013-ൽ മറുപടിയ്ക്ക്

## മോണോറയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.ഡി.സതീശൻ**<br>**,, വർക്കല കഹാർ**<br>**,, ബെന്നി ബഹനാൻ**<br>**,, റ്റി.എൻ.പ്രതാപൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഗതാഗതക്കുരുക്കിന് പരിഹാരമായി നഗരങ്ങളിൽ മോണോറയിൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) നഗരത്തിലെ ഗതാഗതക്കുരുക്കിൽ നിന്ന് ഒരു ശാശ്വത പരിഹാരം ലഭ്യമാക്കുകയാണ് മോണോറയിൽ സ്ഥാപിക്കുന്നതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്ക് സുഖകരമായി കൃത്യസമയത്ത് കുറഞ്ഞ ചെലവിൽ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതിന് മോണോറയിൽ പ്രയോജനപ്പെടുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | **(സി)&(ഡി):**<br>കോഴിക്കോട്ടും, തിരുവനന്തപുരത്തും മോണോറയിൽ പദ്ധതികൾ നടപ്പാക്കുന്നതിന് ഡി.എം.ആർ.സി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇവ അംഗീകരിച്ച് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള മോണോ റയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. പദ്ധതികളുടെ ജനറൽ കൺസൾട്ടന്റായി ഡൽഹി മെട്രോ റയിൽ കോർപ്പറേഷനെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അവരുമായി കരാർ ഒപ്പുവെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**